# ഇടശ്ശേരിക്കവിതയ്ക്കൊരു പ്രവേശിക

ഡോ. എം.ജി.എസ്. നാരായണൻ

ഒരു കാൽനൂററാണ്ടിലധികമായി ഇടശ്ശേരി തന്റെ നാട്ടിൻപുറത്തിന്റെ നർമവിഷാദസമ്മിശ്രമായ ഇതിഹാസം ഭാവഗാനങ്ങളിൽ, ദേശീയകവിതകളിൽ, കഥാകാവ്യങ്ങളിൽ, നാടകങ്ങളിൽ, ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം നാടരിൽ നാടനാണ്; പഴഞ്ചരിൽ പഴഞ്ചനുമാണ്. എന്നാൽ, അതേസമയം നവനാഗരികതയുടെ അത്യാധുനികങ്ങളായ സങ്കേതങ്ങളും ആശയങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധനായ ഒരാളുംകൂടിയാണ് അദ്ദേഹമെന്ന് അനാർഭാടമായ ആ കാവ്യലോകത്തിൽ കടന്നുചെല്ലുന്ന സഹൃദയർക്കനുഭവപ്പെടുന്നതാണ്. നവീന മാതൃകയെല്ലാംതന്നെ പരീക്ഷിക്കാൻ, പററുമെങ്കിൽ സ്വീകരിക്കാൻ, അല്ലെങ്കിൽ ധൈര്യപൂർവം തള്ളിക്കളയാൻ തയാറാണ് ഈ ഗ്രാമീണകർഷകൻ. തന്റെ ചുററുപാടിലും തൊഴിലിലും അദ്ദേഹം അങ്ങേയററം രസിക്കുകയും ചെയ്യുന്നു. ആർക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, കച്ചവടച്ചരക്കാക്കാൻ വേണ്ടിയല്ല, കൃഷിയിലുള്ള രസത്തിന്നുവേണ്ടി അദ്ദേഹം കൃഷി ചെയ്യുന്നു.

ഒരു പത്രത്തിന്റെയും പരസ്യത്തുണയില്ലാതെ, ഒരു കക്ഷിയുടേയും കൊമ്പുവിളിയില്ലാതെ, ഒരു സ്ഥാപനത്തിന്റെയും ഔദ്യോഗികപ്രഭാവമില്ലാതെ, ഒരു കവി നമ്മുടെ നാട്ടിൽ, ഇരുപതാംനൂററാണ്ടിന്റെ ഉത്തരാർധത്തിൽ, ജീവിച്ചുപോരുന്നത് ഒരദ്ഭുതമല്ലേ? വരൂ, നമുക്ക് ഈ ഏകാന്തപഥികന്റെ ഭാണ്ഡത്തിലുള്ള വിചിത്രവേലത്തരങ്ങൾ ഒന്നു പരിശോധിച്ചുനോക്കുക.

### ചകിരിക്കുഴികളുടെ നാട്

അദ്ദേഹം വരുന്നത് ചകിരിക്കുഴികളുടെ നാട്ടിൽനിന്നാണ്. അവയുടെ ദീനരോദനം ‘ചകിരിക്കുഴികൾ’ എന്ന കവിതയിലൂടെ നിങ്ങൾ കേട്ടില്ലേ? പുത്തൻകലത്തെ ചുററിപ്പററിയുള്ള സുന്ദരസ്വപ്നങ്ങൾ ആ നാട്ടിലെ ജീവിതത്തിൽ അതിപ്രധാനമാണ്. കല്യാണപ്പുടവയിൽ കെട്ടിപ്പൊതിഞ്ഞ ആഭിജാത്യം അവിടെ നിലനിൽക്കുന്നു. അവിടെ തുണിമില്ലിന്റെ മുതലാളിമാർ സന്താനലബ്ധിക്ക് യാഗം നടത്തുകയും തൊഴിലാളികൾ പണിമുടക്കി പട്ടിണികിടക്കുകയും ചെയ്യാറുണ്ട്. അക്ഷരാഭ്യാസമില്ലാത്ത കുട്ടിഭീമന്മാർ അൽപ്പാൽപ്പമായി പഠിച്ചു പരിപൂർണതയിലേക്കു നീങ്ങുന്ന കാഴ്ചയും അവിടെ കാണാം. പുറംതള്ളപ്പെട്ട പെങ്ങന്മാരും, വഞ്ചിക്കപ്പെട്ട കാമുകിമാരും, അവഗണിക്കപ്പെട്ട പുത്രിമാരും ആ നാട്ടിൻപുറത്ത് അനേകമാണ്. വാശിപിടിക്കുന്ന മക്കളും വയസ്സുകാലത്ത് അവമാനിക്കപ്പെടുന്ന അച്ഛന്മാരും ചുരുക്കമല്ല. പോക്കിരിക്കുട്ടികളെ ചൂരലെടുത്തടിച്ച് ഒടുവിൽ പശ്ചാത്തപിക്കുന്ന അധ്യാപകന്മാർ അവിടെയുണ്ട്. എന്നുമെന്നും അവിടുത്തെ ചേച്ചിമാർ അനിയത്തിമാരെ അണിഞ്ഞൊരുക്കി സ്ക്കൂളിലേക്കയയ്ക്കുന്നു. കാലാകാലങ്ങളിൽ ചില കറുത്തചെട്ടിച്ചികൾ അവിടെ കച്ചവടത്തിന്നെത്തും. കൊയ്ത്തുകഴിഞ്ഞാൽ പൂതംകെട്ടിക്കളിക്കാർ വീടുംതോറും നടക്കും. പൊട്ടിയെ പുറത്താക്കലും ശിവോതിയെ അകത്താക്കലും കൊല്ലം കൊല്ലം ആവർത്തിക്കും; ഇടയ്ക്കിടെ കാവിലെപ്പാട്ടുണ്ടാകും. ചിലപ്പോൾ ഒരു നാടകം കളിക്കും; ഒരു പാട്ടുകച്ചേരി പൊടിപൊടിക്കും. അങ്ങിനെയിരിക്കേ ഒരു പുഴയ്ക്ക് പാലം കെട്ടും. ഒരാൾ ഒരു നെല്ലുകുത്തുയന്ത്രം സ്ഥാപിക്കും. സംഭവബഹുലമായ നാളുകളിലൂടെ ജീവിതം നീങ്ങിപ്പോകുന്നു.

പെണ്ണുകാണലും, ഓടിപ്പോവലും, കുളത്തിൽച്ചാടിച്ചാവലും ഒക്കെയാണ് അവിടെ നിത്യസംഭാഷണവിഷയങ്ങൾ.

വിശ്വവിശാലത കണികണ്ടിട്ടില്ലാത്ത ഒരു കവിയാണ് ഇടശ്ശേരിയെന്ന് ചിലപ്പോൾ തോന്നിപ്പോകാറുണ്ട്. ഭാരതപ്പുഴയുടെ വക്കത്തെ കുഗ്രാമങ്ങളിൽ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നിലവിലിരുന്ന ജീവിതാന്തരീക്ഷമാണ് പുരാണകഥകളിൽപ്പോലും അദ്ദേഹം ചിത്രീകരിക്കുന്നത്. സാമാന്യവൽക്കരണത്തിന്നുവേണ്ടി തീരെ പരിശ്രമിക്കുന്നില്ല. ഒട്ടും ഒരു മാററം വരുത്താൻ, മോടിപിടിപ്പിക്കാൻ, മൂടിവെക്കാൻ ഒരുങ്ങുന്നില്ല. ഈ പ്രാദേശികത്വം, സങ്കുചിതത്വം, കവിതയിൽ ഒരു ദോഷമാവില്ലേ? ആവാം. ‘ലേക്ക് പോയട്രിക്കും’ വെസെക്സ് നോവലുകൾക്കും ‘വെസ്റ്റേൺ‘ കഥകൾക്കും, വടക്കൻ പാട്ടുകൾക്കും തുള്ളൽ കൃതികൾക്കും ആ ദോഷമുണ്ട്. പക്ഷേ, അവയിലേക്ക് ലോകം അങ്ങോട്ടു ചെല്ലുന്നു. കലാപരമായ കരുത്തുണ്ടെങ്കിൽ പ്രാദേശികമായ പ്രത്യേകതകൾ ആസ്വാദനത്തിനു തടസ്സമാവുന്നതിന്നു പകരം അതിൽ വൈചിത്ര്യം കലർത്തും. പൊതുഭാവത്തിന്റെ അഭാവത്തിൽ അനുഭവത്തിന്റെ ആകർഷണശക്തി വർധിക്കുന്നു. പരിധിയുടെ പരിമിതി കാരണം പ്രകാശവലയത്തിന്റെ ദീപ്തി വർധിപ്പിക്കുന്നു. അതാണ് ഇടശ്ശേരിക്കവിതയിലും സംഭവിക്കുന്നത്.

ഇടശ്ശേരിക്ക് തന്റെ ഗ്രാമീണലോകത്തെ സാഹിത്യത്തിൽ അവതരിപ്പിക്കുന്നതിനെക്കുറിച്ച് ഒരഭിമാനക്കുറവുമില്ലെന്നു മാത്രമല്ല, കുറഞ്ഞൊരഹങ്കാരംകൂടിയുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വലിയവരുടെ ലോകം, വലിയവരുടെ സംഭവങ്ങളുടേയും രാഷ്ട്രീയകോലാഹലങ്ങളുടേയും ലോകം, ഉരുണ്ടുമറിഞ്ഞോടിപ്പോയ്ക്കൊള്ളട്ടെ. അദ്ദേഹം അതിന്റെ പിന്നാലെ പിടിക്കാനോടുന്നില്ല. കുഗ്രാമത്തിലെ ഈ കുറിയ മനുഷ്യൻ അതിനെ അവഗണിച്ചുകൊണ്ട്, ധിക്കരിച്ചുകൊണ്ട് എന്നു തന്നെ പറയട്ടെ, തന്റെ ചെറിയ ലോകത്തിലെ ചെറിയ സംഭവങ്ങളെയും ആളുകളെയുംപററി പാടുകയാണ്. "ഇവിടെ മനുഷ്യരുണ്ട്, മനുഷ്യരുള്ളേടത്ത് മഹത്വമുണ്ട്, വേണമെങ്കിൽ ഇങ്ങുവന്നു കണ്ടുകൊള്ളു" എന്നാണദ്ദേഹം വിളിച്ചുപറയുന്നത്.

### കഥ പറയുന്ന കാരണവർ

സാവധാനത്തിൽ സരസമായി കഥപറയുന്ന ഒരു കാരണവരായിട്ടാണ് ഇടശ്ശേരി പലപ്പോഴും കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. വലിയ ചൂടും ആവേശവുമുള്ള ചില കവിതകൾ അദ്ദേഹമെഴുതിയിട്ടുണ്ട്. 'പുത്തൻകലവും അരിവാളും', 'പണിമുടക്കം' തുടങ്ങിയവ. ഊർജസ്വലതയിൽ, വിപ്ലവസ്വഭാവത്തിൽ, അവ മററൊരു കവിതയുടേയും പിന്നിലല്ല.

'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ'
എന്നും
'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

എന്നും കവി യഥാർഥത്തിൽ പാടുകയല്ല. പ്രസംഗിക്കുകയല്ല, ഗർജിക്കുകയാണ് ചെയ്തത്. ശക്തമായ വികാരങ്ങൾ ശക്തമായ ഭാഷയിൽ പ്രകാശിപ്പിച്ചു. പക്ഷേ, ഈ കവിതകൾ ഇടശ്ശേരിയുടെ കഥാകാവ്യലോകത്തിൽ അപവാദങ്ങളാണ്. പെങ്ങൾ, കല്യാണപ്പുടവ, തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, വിവാഹസമ്മാനം, അങ്ങേ വീട്ടിലേക്ക്, പരിപൂർണതയിലേക്ക്, നെല്ലുകുത്തികാരി പാറു, ചൂരലിന്റെ മുൻപിൽ, ആ കൈലേസ്, മകന്റെ വാശി തുടങ്ങിയ ഭൂരിഭാഗം കഥാകാവ്യങ്ങളിൽ അദ്ദേഹത്തിന്റെ സ്വതഃസിദ്ധമായ ഒതുക്കമാണ് നിങ്ങളെ ആകർഷിക്കുക. വാക്കുകളിൽ വലിയ ഒരാവേശം കാണുകയില്ല. മാത്രമല്ല തീരെ അതിഭാവുകത്വശങ്ക തീണ്ടാതിരിക്കാൻ ശ്രദ്ധിക്കയും ചെയ്തിരിക്കുന്നു. അതേസമയം ശക്തമായ വികാരത്തിന്റെ അടിയൊഴുക്ക് ആസ്വാദകർക്ക് അനുഭവപ്പെടുന്നതാണ്.

തന്റെ ഔദ്യോഗിക ജീവിതത്തിലെ ചില ജീവചരിത്രങ്ങൾ പുറത്തെടുത്ത് നിവർത്തിക്കാട്ടി. അവയിലെ നിർണായകസംഘട്ടനങ്ങൾ അപഗ്രഥിക്കുന്നു. ചിത്രഗുപ്തന്റെ നിസ്സംഗതയോടെയാണ് ചിലപ്പോൾ ഇക്കാര്യം നിർവഹിക്കുന്നത്. ചിലപ്പോൾ ക്രൂരമായ ഒരു മന്ദഹാസവും ആ മുഖത്തവതരിക്കുന്നതായി കാണാം. പക്ഷേ, ഒരു കാര്യം മനസ്സിന്റെ അഗാധതലങ്ങളോളം ചെന്നെത്തുന്നതിൽ കാലന്റെ കണക്കെഴുത്തുകാരനുണ്ടായേക്കാവുന്ന ക്രാന്തദർശിത്വവും ഈ കാഥികനുണ്ട്. പ്രാധാന്യമർഹിക്കുന്ന ചില്ലറക്കാര്യങ്ങളൊന്നും അദ്ദേഹം വിട്ടുകളയുന്നില്ല.

ഈ കഥാലോകത്തിൽ വടക്കൻപാട്ടുകളിൽ കാണുംപോലെയുള്ള സാഹസചരിതങ്ങളില്ല. മധ്യകാലനമ്പൂതിരിസാഹിത്യത്തിലെ സംഭോഗ-വിപ്രലംഭശൃംഗാരവർണനകളില്ല; എഴുത്തച്ഛന്റെയോ ചെറുശ്ശേരിയുടെയോ ഭക്തിലഹരിയില്ല; കുഞ്ചന്റെ പൊട്ടിച്ചിരിപ്പിക്കുന്ന ഫലിതവും കാണപ്പെടുകയില്ല, വള്ളത്തോൾ-ആശാൻ കാലഘട്ടത്തിൽ വളർന്നുവന്ന അനുരാഗാഖ്യാനങ്ങളോ, പിൽക്കാലത്തുണ്ടായ വർഗസമരപ്രഖ്യാപനങ്ങളോ ഇടശ്ശേരിയുടെ കഥാരീതിയെ സ്വാധീനിച്ചിട്ടില്ലെന്ന് പറഞ്ഞുകൂടെങ്കിലും അദ്ദേഹത്തിന്റെ സുപ്രധാന കഥാകാവ്യങ്ങൾ അവയിൽനിന്നും വ്യത്യസ്തമായൊരു സ്വഭാവവും സന്ദേശവും ഉൾക്കൊള്ളുന്നവയാണ്.

### ധീരനായികമാർ

'പെങ്ങൾ' വായിച്ചുനോക്കൂ. സമുദായത്തിന്റെ ക്രൂരതയോ മനുഷ്യന്റെ നന്ദികേടോ, കാലത്തിന്റെ നിരങ്കുശനിയമങ്ങളോ എന്തുമാകട്ടെ കാരണം, 'തേവിത്താണ കുളംപോലായ' ഒരു അനാഥപ്പെണ്ണിന്റെ ജീവിതമാണ് അതിലെ വിഷയം. അനുജനെ ഓമനിച്ചു വളർത്തി, അവനുവേണ്ടി പ്രിയപ്പെട്ടകാമുകനേയും നാടിനെത്തന്നെയും പരിത്യജിച്ചു; ഒടുവിൽ അവനാൽ പുറംതള്ളപ്പെട്ടു, അല്ലെങ്കിൽ അനിയന്റെ രംഗത്തുവരാത്ത കാമുകിയുടെ പ്രേരണയാൽ ഉപേക്ഷിക്കപ്പെട്ടു. അവളുടെ ദാരുണമായ കഥ ഇടശ്ശേരി പറയുന്നതിന്റെ ഉദ്ദേശമെന്താണെന്നോ? സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്താനല്ല, സഹോദരനെയോ അവന്റെ സ്നേഹഭാജനത്തെയോ ആക്ഷേപിക്കാനുമല്ല. ഇത്രയും കഷ്ടപ്പാടുകൾ കടന്നുപോന്ന് ഒരഭയസങ്കേതത്തിലെത്തിയിട്ടും ആവശ്യം വന്നപ്പോൾ ഒരു സംശയം കൂടാതെ വീണ്ടും ഇറങ്ങിത്തിരിക്കുന്ന പെങ്ങളുടെ മനക്കരുത്തിനെ അഭിനന്ദിക്കയാണ് കവിയുടെ ലക്ഷ്യമെന്ന് തോന്നുന്നു.

'ആ മണിയറയുടെ വാതിലതിൻ തിരി
കുററിയിൽ നിന്നു കരഞ്ഞൂ നിമിഷം,
ആ യുവമാന്യനുയർത്തീലാമുഖ-
മിളകീലാ തൽക്കൈകൾ വിലക്കാൻ.'
എന്നു പറഞ്ഞു കഴിഞ്ഞിട്ടും
'തെരുവിൽ കൂർത്ത ചരൽക്കല്ലുകളിൽ
ജീവിതരക്തം പാററിക്കൊണ്ടവൾ'

കരുതിയിറങ്ങിയ കാഴ്ചയാണ് കവി നമ്മളെ വിളിച്ചുകാണിക്കുന്നത്. കണ്ണീരിന്റെ വെള്ളച്ചാട്ടത്തിൽ നിന്ന് ചിലരെങ്കിലും ആത്മീയമായ വിദ്യുച്ഛക്തി സമ്പാദിക്കുന്നു എന്ന വസ്തുതയല്ലേ കവിയെ ആകർഷിച്ചിട്ടുള്ളത്?

'കല്യാണപ്പുടവ'യിലെ പാറുവിനെ പരിചയപ്പെടാം. അവളുടെ ജീവിതത്തിൽനിന്ന് ഒരു നിമിഷമാണ് ആ പൊളിഞ്ഞ തറവാട്ടിന്റെ ഉമ്മറത്തിണ്ണയിൽ ആററുനോററു കാത്തിരുന്നശേഷം പെണ്ണുകാണാൽ ചിലർ വന്നുകയറുന്ന സന്ദർഭമാണ്, കവി ഉപയോഗപ്പെടുത്തുന്നത്. ഈ ഒരൊററ രംഗമാണ് കഥയുടെ ആരംഭവും അവസാനവും കുറിക്കുന്നത്.

'മംഗല്യം വാതിൽക്കൽ മുട്ടിവിളിക്കുമ്പോൾ
മങ്കമാരുണ്ടോ ചെവിക്കൊള്ളാതെ?'

അതുകൊണ്ടു പാറുവും ചെവിക്കൊണ്ടു അവളുടെ നെഞ്ചം പിടഞ്ഞു; പക്ഷേ, ഊണു കഴിഞ്ഞു കൈ കഴുകി അവർ പെണ്ണിനെക്കാണാൻ ആവശ്യപ്പെട്ടപ്പോൾ ഉടുതുണിയില്ലായ്കയാൽ അച്ഛനമ്മമാരുടെ മാനം കാക്കാൻ വേണ്ടി 'ഭാവിക്കുനേരെ കതകടച്ചും'കൊണ്ട് 'വേവുന്ന നെഞ്ചിനെച്ചെററടക്കി' പാറുവിളിച്ചുപറഞ്ഞു.

'ബോധിച്ചതില്ലെനിക്കെന്തിന്നവർ പിന്നെ
വാദിച്ചു നിൽക്കണമെന്നെക്കാണാൻ?'

ആ നിത്യകന്യകയോടു സഹതാപമോ ബഹുമാനമോ ഏറെത്തോന്നുകയെന്ന് പറയാൻ പ്രയാസമാണ്. അവിടെയും ദൈന്യത്തിലേക്കല്ല, ധീരതയിലേക്കാണ്, ദൗർബല്യത്തിലേക്കല്ല ശക്തിയിലേക്കാണ് കവി നമ്മുടെ ശ്രദ്ധയാകർഷിക്കുന്നത്.

മറെറാരു കവിതയുണ്ട്-തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ ഉണർന്നിരുന്ന് ചിന്തിച്ച് ഒരു തീരുമാനത്തിലെത്തി ആ തീരുമാനം ധീരമായി നടപ്പാക്കുകയാണ് കുമ്മിണി ചെയ്യുന്നത് (തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ). അച്ഛൻ വിധിയുടെ പേർ പറഞ്ഞും ഏട്ടൻ ചരിത്രത്തിന്റെ ആവശ്യത്തെച്ചൊല്ലിയും അവളെ വളരെക്കാലം അവഗണിക്കുന്നു. അവർ 'നനയററ പടർവാഴത്തയ്യുപോലെ' രണ്ടുംകെട്ട് ഇരിക്കുന്നു. എന്നാൽ ഒരുദിവസം പാതിരാ കഴിഞ്ഞപ്പോൾ അവളുടെ നിശബ്ദവിപ്ലവം രൂപംകൊണ്ടു. താനൊരു പടർവാഴത്തയ്യല്ല, പെണ്ണാണെന്ന് തെളിയിക്കാൻ അവൾ തയാറായി. അച്ഛന്ന് പൂജാവസ്തുക്കളും ഏട്ടന്ന് ചായവെള്ളവും എടുത്തുവെച്ചശേഷം ആ തറവാടിപ്പെണ്ണ് ലോകപൗരിയാവാൻ ഒരുങ്ങിപ്പുറത്തിറങ്ങി. തന്റെ അമ്മ ഭദ്രദീപവും കൊണ്ടു കയറിവന്ന മുററത്തൂടെ ഒററക്ക് ഇരുട്ടിൽ ഒരടയാള ദീപത്തിന്റെ മിന്നലുംനോക്കി അവൾ നടന്നുപോന്നു. അപ്പോൾ ആ ബാലികയുടെ കണ്ണിൽ വെള്ളം നിറഞ്ഞതുകൊണ്ട് കാൽ ഇടയ്ക്കിടെ വെച്ചുകുത്തിയെന്ന് ഒരു 'പുരോഗമന'ക്കാരൻ പറയില്ലായിരുന്നു. കാരണം അത് ഭാവിയെക്കുറിച്ചുള്ള ഒരു ദുസ്സൂചനയാണല്ലോ. ഇടശ്ശേരി അതും വിട്ടുകളഞ്ഞില്ല. മതക്കാരനും മാർക്സിസക്കാരനും കാണാതെപോയ ഒരു സന്ദർഭം ക്രാന്തദർശിയായ കവി കണ്ടെടുത്തുവെന്നു മാത്രമല്ല, നന്മക്കായാലും തിന്മക്കായാലും, തടവുചാടാൻ തയാറെടുത്ത ധീരതയെ അനുമോദിക്കുകയും ചെയ്തിരിക്കുന്നു.

വിവാഹസമ്മാനം ഇതിനെക്കാളൊക്കെ ദാരുണമായ കഥയാണ് 'ബാലയാം നാളിൽ' അവളൊരാളിൽ ഹൃദയമർപ്പിച്ചു. ദുഷ്കാലവൈഭവം, അയാൾ പിന്നീട് അവളുടെ അനുജത്തിയെ ആണ് കല്യാണം കഴിക്കാൻ ഇടവന്നത്. ഏട്ടത്തി വഴക്കൊന്നുമുണ്ടാക്കിയില്ല. കുടുംബത്തിലൊരു ചോദ്യചിഹ്നവും അമ്മയുടെ മനസ്സമാധാനത്തിനൊരു ഭീഷണിയും ആണു താനെന്ന് അവൾക്ക് അസ്സലായറിയാം.

'കാലേ കുളിച്ചാലോ വേശിയാട്ടം
കാലത്തെണിക്കാഞ്ഞാൽക്കള്ളനാട്യം
പോവാതിരുന്നാലുമമ്പലത്തിൽ
പ്പോയാലുമെപ്പൊഴും മറെറാരർത്ഥം'

ഇനി അനുജത്തിയുടെ സ്വർഗത്തിൽ കട്ടുറുമ്പായി മാറില്ലേ? കല്യാണദിവസം രാത്രി അവസാനത്തെ ബന്ധുവും പിരിഞ്ഞ് വായ കടഞ്ഞ ദാസിയും ഉറങ്ങിക്കഴിഞ്ഞപ്പോൾ അവൾ താനർപ്പിക്കാൻ പോകുന്ന വിവാഹസമ്മാനത്തെപ്പററി ഓർത്തിരുന്നു. ഒടുവിൽ തീരുമാനിച്ചു – വെള്ളത്തിൽപ്പൊ

ന്തിക്കിടക്കുന്ന വലിയൊരു വെള്ളാമ്പലാണത്. പിറേറന്ന് കാലത്ത് അനുജനെയും കൂട്ടി അമ്മയുടെ പ്രതിഷേധം വകവെക്കാതെ അവൾ നേരത്തെ പൊയ്കയിൽപ്പോയി. അനുജനോടു ചിരിക്കാൻ പറഞ്ഞു.

'ആശിക്കാനില്ലൊരു മന്ദഹാസം
ചേച്ചിക്കു മററൊരു ചുണ്ടിൽനിന്നും'

എന്നവൾ പറയുമ്പോൾ കുഞ്ഞിനേക്കാളേറെ അതിന്റെ അർത്ഥം വായനക്കാർക്കറിയാം. 'ദമ്പതിമാർക്കൊരു സമ്മാനം കൊടുക്കാൻവേണ്ടി പൂ പറിക്കാൻ ചേച്ചി കുളത്തിലിറങ്ങി' എന്നു പറയാനാണ് അനുജനോടേൽപ്പിച്ചിരുന്നത്. വേണ്ടവർക്കത് മനസ്സിലാവും; വേണ്ടാത്തവർക്ക് ഒന്നുമൊട്ടു മനസ്സിലാകയുമില്ല.

ഇവിടെ ഒററനോട്ടത്തിൽ ഒരു പ്രണയപരാജയത്തിന്റെ കഥയായിട്ടാണ് തോന്നുക. എന്നാൽ, പ്രണയനൈരാശ്യം വന്നിട്ട് കാലമേറെ കഴിഞ്ഞതാണല്ലോ. അതിനെക്കാളേറെ മററു ചിലതാണ് അവളെ ആ കടുംകൈയ്യിന്ന് പ്രേരിപ്പിച്ചത്. അങ്ങേയററം ഔചിത്യദീക്ഷയുള്ള ഏട്ടത്തിയോട് മററ് ആത്മഹത്യക്കാരോടുള്ള നിന്ദയോ സഹതാപമോ അല്ല നമുക്കുണ്ടാവുന്നത്. കലാപരമായി കർത്തവ്യം നിറവേററുന്ന ഒരു കർമധീരയാണവൾ എന്നുപോലും തോന്നിപ്പോകുന്നു.

**അസാമാന്യപുരുഷന്മാർ**

മററുപല കവികളും എന്നപോലെ ഇടശ്ശേരി സ്ത്രീയിലാണ് പ്രകൃതിഭാവത്തിന്റെ ഉജ്വലസാക്ഷാത്കാരം ദർശിക്കുന്നത്. വഞ്ചിതയെങ്കിലും അവൾ സഹനശക്തിയുടെയും ത്യാഗത്തിന്റെയും അവതാരമായി മാറുന്നു. ഇതേ തോതിൽ ശക്തി പുരുഷന്മാരിൽ കാണാൻ പ്രയാസമാണ്. എന്നാൽ, 'പുത്തൻകലവും അരിവാളും' എന്ന കവിതയിലെ കോമനും 'പണിമുടക്ക'ത്തിലെ രാമനും തകരുന്ന കുടുംബങ്ങളുടെ നായകന്മാരായി. തങ്ങളുടെ ഗേഹിനിമാർക്കുപോലും വഴികാട്ടികളായി പ്രത്യക്ഷപ്പെടുന്നു. അവർ ശക്തിയിലേക്കു മുന്നേറുകയാണ് ചെയ്യുന്നത്.

തന്റെ മകളെ ഒരു വലിയ പണക്കാരന് കെട്ടിക്കൊടുത്ത ഒരു സാധുവിന്റെ കഥയാണ് 'അങ്ങേ വീട്ടിലേക്ക്'. സാധുവെങ്കിലും അഭിമാനിയാണയാൾ. മകളെക്കാണാൻപോലും അങ്ങോട്ടു ചെല്ലാൻ പാടില്ലെന്നാണ് കരാർ. അതുമൂലം വ്രണപ്പെട്ട കരളിൽ ആ പിതാവ് കുറേ വേദാന്തം വെച്ചു പൊതിഞ്ഞു. അതൊന്നും അധികം നിലനിന്നില്ല. അഭിമാനിയായ മനസ്സ് വിററ പയ്യിനെപ്പോലെ അമറി പിന്നോക്കം വലിഞ്ഞുകൊണ്ടിരുന്നിട്ടും ഒരു ദിവസം വൃദ്ധൻ മകളെ കാണാൻ പുറപ്പെടുന്നു. പണ്ടു ചാടിക്കടക്കുന്ന കഴ പണിപ്പെട്ടു കേറി, പണ്ടു മകളെച്ചേർത്ത പള്ളിക്കൂടം കടന്ന്, ആയിരംപേരോടുത്തരം പറഞ്ഞു, അയാൾ ആ മണിമന്ദിരത്തിന്റെ പൂമുഖത്തെത്തി. മാന്യസ്നേഹിതന്മാരുടെ നടുവിലിരിക്കുന്ന ജാമാതാവ് അതുകണ്ട് പരുങ്ങി. മകൾ കണ്ണുകളാൽമാത്രം ആ കാലിൽ പൂ തൂകി. പലരും കാര്യമെന്തെന്നന്വേഷിച്ചു. അപ്പുറത്തേയ്ക്കു വിളിച്ച് എന്തെങ്കിലും കൊടുക്കാൻ ഭർത്താവ് കൽപ്പിച്ചു. അപ്പോൾ വൃദ്ധൻ മനസാന്നിധ്യത്തോടെ പറഞ്ഞു: "വയസ്സായില്ലേ, വഴിതെററിപ്പോയി. അങ്ങേവീട്ടിൽ കയറേണ്ടതായിരുന്നു."

ഇത് ജീവിതത്തിൽ വന്നുചേരുന്ന വൈഷമ്യങ്ങളെ ക്ഷമാപൂർവം സഹിക്കുന്ന വൃദ്ധന്റെ കഥയാണെങ്കിൽ 'പരിപൂർണതയിലേക്ക്' എന്ന കവിതയിൽ തന്റെ മുൻപിലുള്ള തടസങ്ങളെ ആവേശപൂർവം തട്ടിമാററുന്ന ഒരു ചെറുപ്പക്കാരന്റെ കഥയാണ് പറയുന്നത്. കുട്ടപ്പൻ ആ നാട്ടിൻപുറത്തെ കുട്ടിഭീമനാണ്. പുലരുമ്പോൾ തുടങ്ങി അന്തിയാവോളം അയാൾ തളരാതെ കിളക്കും. ഇടിവെട്ടുംപോലെ ഓരോ കൈക്കോട്ടും പതിക്കുമ്പോൾ കുന്നിൻചെരിവ് ഇടിഞ്ഞിടിഞ്ഞുവീഴും. അയാൾ ഒരുദിവസം കിള നിർത്തി നിവർന്നപ്പോൾ ഇളയ ഹരിണിപോലെ ഒരുവൾ സ്കൂളിൽ പോകുന്നതു കണ്ടു. അയാളുടെ 'കരളിൻവിശാലതയിൽ ഒരു ലോലഗാനത്തിൽ ചിറകടി' ഉണ്ടായി. വൈകുന്നേരം അവൾ മടങ്ങിവരുംവരെ കാത്തുനിന്ന് ആ നാടൻ ഒരു ചോദ്യം ചോദിച്ചു 'കല്യാണം കഴിക്കാമോ?' സരള ഒന്നും പറയാതെ ചിരിച്ചുകൊണ്ടോടിപ്പോയി.

പിന്നെയാണ് യഥാർഥത്തിൽ കുഴപ്പമാരംഭിച്ചത്. പിറേറന്നു രാവിലെ 'എനിക്ക് ഒരു വീടും അച്ഛനമ്മമാരുമുണ്ട്' എന്ന് ഒരു കടലാസ്സിൽ എഴുതി അവൾ കുട്ടപ്പനു കൊണ്ടുപോയി കൊടുത്തു. ആ കുട്ടിഭീമന്നു വായിക്കാനറിഞ്ഞുകൂട! അയാളെ സംബന്ധിച്ചിടത്തോളം ആ കയ്പടയും ആകാശത്തിലെ നക്ഷത്രങ്ങളും ഒരുപോലെ അജ്ഞാതങ്ങളായിരുന്നു. സാവധാനത്തിൽ ആ പുതിയ സരസ്വതീദേവിയുടെ കാൽക്കലിരുന്ന് അയാൾ അക്ഷരങ്ങൾ എഴുതാനും തന്റെ തലയിലെഴുത്തു മാററിയെഴുതാനും പഠിക്കുന്നതോടെ കഥയവസാനിക്കുന്നു.

ഇങ്ങനെ പല പല സംഭവകഥകളുണ്ട്, ഇടശ്ശേരിയുടെ പൊന്നാനിപ്പുരാണത്തിൽ അവയിലെല്ലാം പ്രശ്നങ്ങൾക്കു വൈവിധ്യമുണ്ട്. കഥാപാത്രങ്ങൾക്ക് വ്യക്തിത്വമുണ്ട്. എന്നാൽ, അവയെ കോർത്തിണക്കുന്ന ഒരു സൂത്രം കാണാം. സാധാരണക്കാരായ സ്ത്രീപുരുഷന്മാരാണ് കഥാപാത്രങ്ങൾ. അവർ ഇടശ്ശേരിയുടെ വിവരണത്തിൽ വീരനായികാനായകന്മാരാവുന്നു. അവരുടെ ജീവിതത്തിൽ

വേദനകളെ ശക്തിയാക്കിമാററുന്ന രാസപ്രക്രിയ നടക്കുന്നതിന്റെ സംഗീതമാണ് ഇടശ്ശേരിക്കവിതയിലൂടെ പുറത്തുവരുന്നത്.

ഈ അർഥത്തിൽ 'ശക്തിയുടെ കവിത' എന്ന് ഇടശ്ശേരിക്കവിതയെ ശ്രീ എൻ.വി. കൃഷ്ണവാരിയർ വിശേഷിപ്പിച്ചത് സാർഥകമാണ്. വേർഡ്സവർത്തിന്റെ കവിതക്കുള്ളതുപോലെ ഒരു വേദനാശമനശക്തി, വീര്യപ്രദാനസിദ്ധി ഇടശ്ശേരിക്കവിതയ്ക്കുമുള്ളതായി നമുക്കനുഭവപ്പെടുന്നു.

**പുറംതള്ളപ്പെട്ട കഥാപാത്രങ്ങൾ**

താണവരെ തന്റെ കഥാപാത്രങ്ങളായി തിരഞ്ഞെടുക്കുവാൻ, അവരുടെ ആത്മാവിന്റെ അണിയറയിലേക്കെത്തിനോക്കുവാൻ, ഇടശ്ശേരിക്കുള്ള വാസനയും കഴിവും സമകാലികസാമൂഹ്യകഥകളെ വിഷയമാക്കുമ്പോൾ മാത്രമല്ല, പുരാണങ്ങളിൽ കൈവെക്കുമ്പോഴും തെളിഞ്ഞുകാണുന്നു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കഥാപാത്രങ്ങൾ ശ്രീകൃഷ്ണനും ബലരാമനുമല്ല, കുബ്ജയും ദാരുകനുമാണ്. ദ്വാരകയല്ല, അമ്പാടിയാണ് തന്നെ ആകർഷിക്കുന്നതെന്ന് അദ്ദേഹം ഒരു കവിതയിൽ വ്യക്തമാക്കുന്നു. തിരുവനന്തപുരത്തേക്കാൾ കടവനാടാണ് അദ്ദേഹത്തെ മോഹിപ്പിക്കുന്നത്. അതുപോലെ ചക്രവർത്തിയായ ശ്രീരാമനെയല്ല ദാസനായ ഹനുമാനെയാണ് അദ്ദേഹം 'ലവണാസുരവധത്തിലെ ഹനുമാൻ' എന്ന കവിതയിലൂടെ അവതരിപ്പിക്കുന്നത്.

'അമ്പാടിയിലേക്ക് വീണ്ടും' എന്ന മനോഹരകാവ്യം നോക്കുക. മററു കവികളെപ്പോലെ ശ്രീകൃഷ്ണന്റെ കാളിയമർദനമോ, ഇന്ദ്രവിജയമോ കംസവധമോ രാസക്രീഡയോ ഗീതോപദേശമോ തിരഞ്ഞെടുക്കാതെ അമ്പാടിയിലേക്കുള്ള ഒരു യാത്രയാണ് അദ്ദേഹം തന്റെ വിഷയമായി സ്വീകരിച്ചത്. രാമകൃഷ്ണന്മാർ ദ്വാരകയിൽ സസുഖം വാഴുന്നു. അലസമായ ദിവസങ്ങൾ. ഇടയ്ക്കൊന്ന് കൃഷ്ണൻ അമ്പാടിയിലേക്ക് മടങ്ങിച്ചെല്ലുകയാണ്. അപ്പോഴും ദാരിദ്ര്യവും അധ്വാനവും സ്നേഹവും പ്രകൃതിസൗന്ദര്യവും ചേർന്ന പഴയ ഗോകുലം അങ്ങിനെത്തന്നെ തുടരുന്നു. പക്ഷേ, കൃഷ്ണനും ഗോപികമാരുമല്ലവിടെ യഥാർഥ പ്രതിപാദ്യം. കൃഷ്ണന്റെ തേർതെളിക്കുന്ന ദാരുകൻ കൊട്ടാരജീവിതത്തോടു പുച്ഛമുള്ള കവിയുടെ ഫിലോസഫിക്ക് രൂപം കൊടുക്കുകയാണ്.

'ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ-
തെന്തിനു ജീവിത പലഹാരം?'

എന്നാണയാൾ ചോദിക്കുന്നത്.

'വിശപ്പൊരിക്കലുമേൽപ്പിക്കാത്തൊരു
വിശേഷഭക്ഷണ വിഭവങ്ങൾ.
വിയോഗമെന്തെന്നറിയാനരുതാ-
ത്തവിഘ്നസിദ്ധപ്രണയങ്ങൾ,
ഒരിററു നിണവും വീഴാതഴകോ
ടൊഴിഞ്ഞുകിട്ടും വിജയങ്ങൾ'

ഇതൊക്കെ അയാളുടെ (കവിയുടെയും) അഭിപ്രായത്തിൽ വിരോധികൾക്ക് ആശംസിക്കാവുന്നവയാണ്. കവിയുടെ വക്താവായിട്ടാണ് ദാരുകൻ തന്റെ നയപ്രഖ്യാപനം നടത്തുന്നതെന്ന് താഴെ കൊടുക്കുന്ന വരികളും വ്യക്തമാക്കുന്നു.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ലഞാനീ രശ്മികളെ
എനിക്കുരസമത്യാസന്നോദയ-
വികാരവിപ്ലവദൃശ്യങ്ങൾ,
അഗാധഹൃദയഹ്രദമഥനോത്ഥിത
സൗന്ദര്യപ്രതിഭാസങ്ങൾ'

സമുദായത്തിൽ താണപടിയിലുള്ള ഒരു ജോലിക്കാരനെങ്കിലും കരുത്തുള്ള ഒരാത്മാവിന്റെ ഉടമസ്ഥനായി, തന്റെ പ്രതിരൂപമായി, കവി ദാരുകനെ വാർത്തെടുത്തിരിക്കുന്നു. അയാളുടെ കണ്ണിലൂടെ, വിരസമായ നഗരജീവിതത്തിന്നെതിരെ പിടിച്ചുകൊണ്ട്, കവി ഗോകുലത്തിലെ രസാത്മകമായ ജീവിതത്തെ, ചിരപുരാതനമായ ഗ്രാമീണഭാരത ഹൃദയസ്പന്ദനത്തെ, അനാവരണം ചെയ്തു കാണിച്ചിരിക്കയാണ്. മററുവാക്കിൽപ്പറഞ്ഞാൽ ദ്വാരകയും കൃഷ്ണനും ദ്വാരുകനും ഗോകുലവും ഒന്നുമല്ല യഥാർഥ പ്രതിപാദ്യം. അവയെ പുരസ്കരിച്ചുകൊണ്ട് ഇടശ്ശേരി, ഗ്രാമജീവിതത്തിന്റെ സന്തതസൗഭാഗ്യത്തെ അനുഗാനം ചെയ്യുന്നു.

ഇതാണ് ഇടശ്ശേരിയുടെ ഗീതോപദേശം. ഇത് നൽകുന്നത് സാക്ഷാൽ ഭഗവാനല്ല. ഭഗവാന്റെ ഭൃത്യനാണ് എന്ന വസ്തുത ഇടശ്ശേരിയൻ വീക്ഷണ രീതിയുടെ പ്രത്യേകതയിലേക്ക് വെളിച്ചം വീശുന്നു.

കൃഷ്ണൻ തങ്ങളെ മറന്നുപോയതിലുള്ള പരിഭവം, പൂർവസ്മരണകളുടെ മാധുര്യം, കൺമുമ്പിലെ കാഴ്ചയിൽ അവിശ്വാസം എല്ലാം ചേർന്നുള്ള ഗോപികാഗീതം ഈ കവിതയുടെതന്നെ ഒരു ഭാഗമാണ്. മഹർഷിമാരോട് ധർമശാസ്ത്രക്കുറിമാനം തെല്ലിട നിർത്താനും ഈശ്വരന്മാരോട് പ്രപഞ്ചധർമം ഒന്നു മാററിവെക്കാനും അഭ്യർഥിച്ചുകൊണ്ട് ആ പഴയ സഖിമാർ വീണ്ടും രാസക്രീഡയാടാൻ ശ്രീകൃഷ്ണനെ ക്ഷണിക്കയാണ്. ഒരു വ്യത്യാസം - ചേലകൾക്കു പകരം ചേതന മുഴുവൻ അവർ അവന്നു വാഗ്ദാനം ചെയ്യുന്നു. ഈ പുനസമാഗമം സങ്കൽപ്പിച്ച കവി, ഭാരതഹൃദയത്തിൽ വൃന്ദാവനമിന്നും പച്ചപിടിച്ചുനിൽക്കുന്നതിന് സാക്ഷ്യംവഹിക്കുന്നു. ഭാഗവതാഖ്യാതാവിനു പോന്ന ഒരനന്തിരവൻ തന്നെയാണ് ഇവിടെ തൂലിക ചലിപ്പിക്കുന്നത്.

ചിന്താസരണിയിലുള്ള ഈ പുതുമയും സവിശേഷതയും 'ബിംബിസാരന്റെ ഇടയൻ' എന്ന കവിതയിലും കാണാവുന്നതാണ്. താണവരിൽ താണവനായ, മനുഷ്യരിൽ മനുഷ്യനായ, ഇടശ്ശേരിയുടെ ജീവിതവേദാന്തം അതിലും ആവിഷ്കരിക്കപ്പെടുന്നു. രാജാവിന്റെ യാഗശാലയിലേക്ക് പോകുംവഴി ഒരു മുടന്തൻകുഞ്ഞാടിനെ താങ്ങിനടന്ന ബുദ്ധഭഗവാൻ രാജധാനിയിൽ ചെന്നു കയറി ജന്തുഹത്യക്കെതിരായി പ്രസംഗിച്ച് ആ കുഞ്ഞാടിനെ മാത്രമല്ല ബിംബിസാരനെയും രക്ഷിച്ച കഥ ലോകപ്രസിദ്ധമാണ്. കവിതയിലും നാടകത്തിലുമെല്ലാം അത് സ്ഥലം പിടിച്ചിരിക്കുന്നു. എങ്കിലും ഇടശ്ശേരിയുടെ പ്രതിപാദനത്തിൽ ആ കഥയുടെ പുതുമ നഷ്ടപ്പെടുന്നില്ല. ഇവിടെ ഇടശ്ശേരി ആട്ടിൻപററത്തെ അടിച്ചും തെളിച്ചും വായ്ത്താരി പറഞ്ഞും നയിക്കുന്ന 'ഇടയച്ചേരി'ക്കാരനായി സ്വയം വേഷംകെട്ടുന്നു. അവന്റെ കണ്ണുകളിലൂടെ കാണുന്ന കാഴ്ച അവന്റെ മനസ്സിലുണ്ടാക്കിയ പ്രതികരണങ്ങളെ അവന്റെ വാക്കിലൂടെ നാടകീയമായി വർണിക്കുകയാണ്. ഇടയൻ തന്റെ സമനിലവാരത്തിലുള്ളവരോടെന്നപോലെയാണ് ആടുകളോട് സംസാരിക്കുന്നത്. ഉള്ളിലുള്ളതു മുഴുവൻ തൊള്ളപൊളിച്ചു പറയുന്നു. സമയമില്ലെന്ന പരാതി, നരിയെക്കുറിച്ചും കവണക്കല്ലേറിനെക്കുറിച്ചുമുള്ള ഭീഷണി, ചാകാൻ പോകുന്നവയുടെ ബുഭുക്ഷയെപ്പററി പരിഹാസം, അക്കൂട്ടത്തിൽ ആത്മകഥാകഥനം എല്ലാം സ്വാഭാവികമായി വരുന്നു. അവനൊരു ദരിദ്രനെങ്കിലും ഹൃദയസമ്പന്നാണ്- ദാരുകനെപ്പോലെ. മുടന്തൻ കുഞ്ഞാടിനെ സഹായിക്കാനുള്ള തള്ളയാടിന്റെ വെപ്രാളം അമ്മമാരെക്കുറിച്ച് പൊതുവേയും സ്വന്തം അമ്മയെക്കുറിച്ച് പ്രത്യേകമായും അവനിൽ ഓർമകളുണർത്തുന്നു.

'അമ്മമാരുടെ മുഗ്ധതകൾക്കി-
ങ്ങവസിതിയുണ്ടോ ഭുവനത്തിൽ,
തന്നെത്തന്നെ തീററികൊടുത്തിവർ
പോററിയെടുപ്പീലാരാരെ?
ആടിനെ, യിടയനെ, യരചനെ നീ പെണ്ണാടേ
പെററു പല പേരെ,
നേടിയതെന്തപവർഗമിതേവരെ
നെടുതാം വീർപ്പുകളല്ലാതെ?'

ഈ വരികളിലൂടെ പുറത്തുവരുന്ന ഇടശ്ശേരിയുടെ അമ്മവേദാന്തത്തെക്കുറിച്ച് അൽപ്പംകൂടി പിന്നീട് പറയാം. ഇനി സ്വമാതാവിന്റെ കഥയാണ്.

'എനിക്കുമൊരു മാതുണ്ടായി പ-
ണ്ടെന്നെ നൃപന്നുകൊടുത്തപ്പോൾ
കിട്ടിയവിൽക്കാശപ്പടിയെന്നുടെ
കോന്തലയ്ക്കലുടക്കിയവൾ!
അവൾക്കു കുളിരിനു കമ്പിളി നേടി-
പ്പിന്നീടെന്നോ ഞാൻ ചെൽകെ,
ഒരട്ടിമണ്ണു പുതച്ചു കിടപ്പൂ
വീടാക്കടമേ മമ ജന്മം!'

ഉള്ളിൽ ഉറഞ്ഞുകിടക്കുന്ന ഈ കുററബോധം ഇടയന് ഒരു 'കാരക്ടർ' സമ്മാനിക്കുന്നു. ഒരുപക്ഷേ, ഇതുപോലെങ്ങാനുമുള്ള ഒരു കുററബോധമാകാം ഇടശ്ശേരിയുടെ മാതൃപൂജാപരമായ കാവ്യമേഖലയുടെ ഔൽകൃഷ്ട്യത്തിന് പിറകിലുള്ളത്! അതിരിക്കട്ടെ, നമുക്കിടയനെ പിന്തുടരാൻ ശ്രമിക്കാം.

'ഞാനറിവീല മുന്നേ പിന്നാലെ-
പ്പോന്നവനെങ്കിലുമങ്ങയെ'

എന്നു പറഞ്ഞവസാനം ബുദ്ധനെ മനസാ നമിക്കുന്ന ഇടയൻ കവിയുടെ ദൃഷ്ടിയിൽ ആശിസ്സിന്നായ് കാൽക്കൽ വീഴുന്ന ബിംബിസാരനെക്കാൾ ഒരുപടി മീതെയാണ്. മാത്രമല്ല, തന്റെ ആടുകൾ തന്നെക്കാൾ ഒരുപടി മീതെയാണെന്ന് അവൻ സമർഥിക്കുകയും ചെയ്യുന്നു.

'ശരിക്കുമാര്യമഹർഷേ, താങ്കളെ-
യറിവോരീയജയൂഥങ്ങൾ'

ഇവിടെ സംസ്കാരപുരോഗതിക്കിടയിൽ സമസ്യഷ്ടങ്ങളുടെ ലോകത്തിൽനിന്നുയർന്നകന്നുപോയ മനുഷ്യന്റെ കളങ്കത്തെപ്പററി കവിഹൃദയത്തിലുള്ള തേങ്ങൽ പുറത്തുകേൾക്കുന്നുണ്ട്. ഈ കവിതയിലുള്ളപോലെ തേജസ്വിയും ചൈതന്യവാനുമായ ബുദ്ധനെ കവിതയിൽ ഇതേവരെ ഞാൻ കണ്ടുമുട്ടിയിട്ടില്ല.

'പ്രാംശുവാമൃഷി തന്നുടെ തോളിൽ
കുഞ്ഞാടൊരു വെൺകൊടിപോലെ'

കിടക്കുന്ന ആ ചിത്രം അത്രയെളുപ്പത്തിൽ മാഞ്ഞുപോകുന്ന ഒന്നല്ലല്ലൊ.

**മാതൃത്വത്തിന്റെ ഇതിഹാസം**

ഈ സന്ദർഭത്തിൽ ഇടശ്ശേരിയുടെ ജീവിതദർശനത്തിന്റെ ഒരവിഭാജ്യഘടകമായ മാതൃത്വാരാധനയെപ്പററിക്കൂടി പറയേണ്ടിയിരിക്കുന്നു. ഹിന്ദുമതത്തിന്റെ വേരുകൾ ചിക്കിച്ചികഞ്ഞുപോയ പണ്ഡിതന്മാർ ക്രിസ്തുവിനു രണ്ടായിരമോ മൂവായിരമോ വർഷങ്ങൾക്കപ്പുറം സൈന്ധവസംസ്കാരത്തിന്റെ നഗരാവശിഷ്ടങ്ങൾക്കിടയിൽ മാതൃദേവതയുടെ കളിമൺവിഗ്രഹങ്ങൾ കണ്ടമ്പരക്കുകയുണ്ടായി. ആ ചരിത്രാതീതകാലം തുടങ്ങി ഭാരതീയർ പ്രകൃതിചൈതന്യത്തെ അമ്മയുടെ രൂപത്തിലാണു പോലും ആരാധിച്ചുവന്നത്. ഇടശ്ശേരിയുടെ മതം ഏതാണ്ട് ആ 'പ്രാകൃത'മതമാണ്.

കുഗ്രാമദൃശ്യങ്ങൾക്കിടയിൽ ഒരു യക്ഷിക്കഥയുടെ അദ്ഭുതഭീകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഇടശ്ശേരിക്ക് ഒട്ടും പ്രയാസമില്ല. തെച്ചിപ്പൂ ചുകക്കുന്നതിനും പൊട്ടിച്ചൂട്ടു മിന്നുന്നതിനും ഗ്രാമീണസങ്കൽപ്പത്തോട് ചേർന്നു പോകുന്ന വിശദീകരണങ്ങൾ നൽകപ്പെടുന്നു. പൂതക്കളി ഒന്നുരണ്ട് തലമുറകൾക്കിടയിൽ നാമാവശേഷമായാലും പൂതത്തിന്റെ ചിത്രം ഒരിക്കലും നഷ്ടപ്പെടാത്തവിധത്തിൽ ഇടശ്ശേരി പകർത്തിയിരിക്കുന്നു. മാത്രമല്ല, പൂതത്തിന് ആർത്തിയും കൗടില്യവും വങ്കത്തവും ചേർന്ന സഹതാപർഹമായ ഒരു വ്യക്തിത്വവും സമ്മാനിച്ചിരിക്കുന്നു. എന്നിട്ട് അവതാരപുരുഷന്മാരിൽ ഭാരതീയപുരാണങ്ങൾ ആരാധിക്കുന്ന ശക്തികൾ മുഴുവനും പാവപ്പെട്ട നങ്ങേലിക്ക്, അവൾ അമ്മയാണെന്ന കാരണംകൊണ്ടുമാത്രം, ദാനംചെയ്ത് ജയിപ്പിച്ചിരിക്കുന്നു. അതേ, ഇടശ്ശേരി മാതൃത്വംപൂണ്ട വെറുമൊരു നാടൻ നങ്ങേലിയിൽ തന്റെ ദൈവസങ്കല്പമാണ് കണ്ടെത്തിയിരിക്കുന്നത്. രാമായണവും ചിലപ്പതികാരവും പരിശോധിച്ചാൽ ഭാര്യയുടെ ഇതിഹാസം ഈ നാട്ടിലുണ്ടായിട്ടുണ്ടെന്ന് കാണാം. എന്നാൽ, അമ്മയുടെ ഇതിഹാസമായി വളരേണ്ടിയിരുന്ന ദേവിമാഹാത്മ്യകഥകൾ എന്തുകൊണ്ടോ അങ്ങിനെ രൂപമെടുത്തില്ല. ഇക്കാര്യത്തിൽ ഇനി മലയാളിക്കഭിമാനിക്കാം. ഈ പൂതപ്പാട്ടിന് രണ്ടാമതൊരു തലക്കെട്ടാവശ്യമാണെന്ന് ആർക്കെങ്കിലും തോന്നിയാൽ 'മാതൃത്വത്തിന്റെ ഇതിഹാസം' എന്നതിനെ വിളിക്കാവുന്നതാണ്.

ഇതേ പൊരുൾ അമ്മയുടെ വാത്സല്യവും അതിൽനിന്നുണ്ടായ ശക്തിയും 'കാവിലെ പാട്ടി'ലൂടെ വീണ്ടും കവി ആവിഷ്കരിച്ചിരിക്കുന്നു. ക്രൂരയും കുപിതയുമായ കൊടുംകാളി സൗമ്യയായി മാറിയ കഥ ഈ കാളിസ്ത്രോത്തത്തിൽ വർണിക്കപ്പെടുന്നു. ഇവിടെയും ഒരു മനുഷ്യമാതാവിന്റെ മാസ്മരശക്തിയാണ് ആ ദേവതയുടെ മനഃപരിവർത്തനത്തിന് വഴിവെച്ചത്.

ദേവതയുടെ ആടയാഭരണങ്ങളുടേയും അവൾക്കൊരുക്കിയ സ്വീകരണങ്ങളുടെയും പരാമർശത്തിനുശേഷം അവൾക്കു നേരേ ഒരിത്തിരി പരിഹാസത്തോടെ കവി ഒരു ചോദ്യം തൊടുത്തിരിക്കുകയാണ്.

സുംഭനിസുംഭാദികളെ
ക്കൊന്നൊടുക്കിയോളേ,
സുരഭിലപ്പൂവല്ലിപോലെ-
യെങ്ങിനെ നീ മാറി?'

അതിനുത്തരമായി കവിതന്നെ ആ കഥ - അമ്മയുടെയും മകന്റെയും കഥ - പറയുന്നു. മകന്റെ ചോരകൊണ്ട് ദാഹം തീർത്തിരിക്കുന്ന കാളിയുടെ മുമ്പിൽ അവന്റെ അമ്മ ചെന്നമ്പേഷിച്ചപ്പോൾ ഒരദ്ഭുതസംഭവം നടന്നു:

ഉണ്ണിയെത്തേടിത്തിരിച്ചോ-
രമ്മയുടെ മുൻപിൽ
എങ്ങിനെ നീ നിന്നു ചണ്ഡി,
ചാമ്പലായ്പ്പോകാതെ?'

എന്നാണ് കവിതന്നെ ചോദിക്കുന്നത്. പക്ഷേ, വീരമാതാവ് തന്റെ മകനെപ്പററി ഒന്നേ ചോദിച്ചുള്ളു. അവൻ പേടികാട്ടി പേർ കളങ്കപ്പെടുത്തിയില്ലല്ലൊ എന്ന്. കാളിയും ഒരമ്മയാണല്ലോ. അവൾ തലകുനിച്ച് പോയിരിക്കണം. ഏതായാലും പിന്നീട് അവളുടെ ക്രൗര്യം തന്നിലേക്ക് തന്നെ ഉൾവലിഞ്ഞു.

നിസ്വാർഥമായ ത്യാഗവാത്സല്യാദികൊണ്ട് സംസ്കരിച്ച പ്രാകൃതശക്തിയാണ് കവിയുടെ ആരാധനാമൂർത്തിയെന്നുവേണം ഈ പുതിയ കാളിപൂജയുടെ ആന്തരാർഥം വ്യാഖ്യാനിക്കുവാൻ.

പ്രകൃതിയിൽ മാതൃഭാവം ദർശിക്കാനുള്ള ഇടശ്ശേരിയുടെ സഫലപരിശ്രമത്തിനുദാഹരണമാണ് 'കാററും വെളിച്ചവും' എന്ന കവിത. ഒരു പശ്ചാത്തലമായി പ്രകൃതിയെക്കൊണ്ട് അതിന്റെ നവനവ സൗന്ദര്യം ആസ്വാദിക്കുന്നത് സാധാരണക്കാരുടെയും കവികളുടെയും പതിവാണല്ലോ. സാധാരണക്കാരൻ ഒരുദ്യാനത്തിൽ സഞ്ചരിക്കുമ്പോൾ ആകെക്കൂടി ഒരു സുഖം അനുഭവിക്കുന്നു. കവിയാകട്ടെ ഓരോ പൂവിന്റെ സുഗന്ധവും ഓരോ കുളിർകാറ്റലയുടെ സന്ദേശവും അയവിറത്ത് ആ സുഖം ആവുന്നിടത്തോളം അധികരിപ്പിക്കുന്നു. ഇത് സാധാരണ സമ്പ്രദായം. അപൂർവമായി പ്രകൃതിയുടെ രൗദ്രഭാവങ്ങളും വർണിക്കപ്പെടാറുണ്ട്. ഇടശ്ശേരി മേൽപ്പറഞ്ഞ കവിതയിലൂടെ രൗദ്രഭാവത്തിൽ ഒളിഞ്ഞിരിക്കുന്ന സൃഷ്ടിയുടെ രഹസ്യം പ്രകാശിപ്പിക്കുന്നു. അപ്പോൾ പ്രകൃതികോപം ഒരു മാതാവിന്റെ കോപമാണ്. അതിലൂടെ അനുഗ്രഹങ്ങൾ നാമ്പെടുക്കുന്നു.

**കൽപ്പനാശൈലി**

ഇടശ്ശേരിയുടെ കാവ്യരീതി ആപാദമധുരമാണെന്നൊന്നും പറഞ്ഞുകൂടാ.

'ആരേപോയ പുകിൽക്കിപ്പാട-
ത്തരിമയൊടാരിയൻവിത്തിട്ടു'

എന്നു തുടങ്ങുന്ന മനോഹരഗാനത്തിൽ കാണുംപോലെ നാടൻ പാട്ടുകളിലെ സരളപദാവലി അദ്ദേഹത്തിനു തികച്ചും സ്വാധീനമാണ്. അത് 'അബ്ദുൾ റഹിമാനെ'പ്പററിയുള്ള മാപ്പിളപ്പാട്ടിലും 'ഇസ്ലാമിലെ വൻമല'യെപ്പററിയുള്ള വടക്കൻപാട്ടിലും 'ചകിരിക്കുഴി'കളിലും 'പൂതപ്പാട്ടി'ലും 'കാവിലെപ്പാട്ടി'ലും എല്ലാം അനായസമായി ഒഴുകിവരുന്നത് കാണാം. എന്നുമാത്രമല്ല, ശബ്ദം കൊണ്ട് സംഭവപ്രതീതി ഉണ്ടാക്കാനും അദ്ദേഹത്തിന് അറിയാം.

'ആരോമൽച്ചേകവർ അങ്കം പിടിച്ചിട്ടും
അരമുഴം വാങ്ങീല പുൽച്ചേരി;
കരയെത്തരിവള കൊഞ്ചിക്കുഴഞ്ഞിട്ടും
അരമുഴം നീങ്ങീല പുൽച്ചേരി'

എന്നു പറയുമ്പോൾ വേലയുടെ ആ സമുഹനൃത്തത്തിലുള്ള സമരവീര്യവും ശൃംഗാരഭാവവും നാം ആസ്വദിക്കുന്നു.

'ഞാനതുകൊണ്ടൊന്നും അല്ലെ-ന്നെന്തൊരു
നാണം!- കുപ്പിവളക്കാരി'

എന്നു വായിക്കുമ്പോൾ ആ നാണക്കാരി നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു.

'അത്തവ്വുണ്ടുവരുന്നു കോമന്റെ
മൂത്തമകളൊരു പൂവള്ളി
പുത്തരിക്കുള്ളരിവെക്കാൻ വാങ്ങിയ
പുത്തൻകലവുമായാലോലം'

എന്ന വരികളിലെത്തുമ്പോൾ ആ വരമ്പിൽക്കൂടിയുള്ള വരവ് നാം നേരിട്ടു കാണുന്നു.

'സുഭഗമായ് വെളുത്തുയർന്ന സുന്ദരശരീരം,
സുറുമയിട്ടപോലെ നീലം നീൾമിഴിഗംഭീരം'

എന്ന വർണനയിൽ അബ്ദുറഹിമാന്റെ ശരീരകാന്തി ഒപ്പിയെടുത്തിട്ടുണ്ട്.

'മലയമഹാ ചലസാനുകുലുക്കിയ
മത്തദ്വിരദം പായുമ്പോൾ...'

അതേ, ആ പാച്ചിൽ നമ്മുടെ നെഞ്ചത്തുകൂടിയാണെന്ന് ആരും കരുതിപ്പോവുന്നു.

'പൂതപ്പാട്ടി'ലെ ആദ്യവരികളിൽക്കൂടി പൂതംകെട്ടിക്കളിയുടെ കൊട്ടും പാട്ടും കോലാഹലവും നന്നായ്ക്കേൾക്കാം. അതേ, കവിതയിൽ പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ ഉണ്ണിക്കണ്ണന്റെ വർണനയ്ക്കുശേഷം ഇതേവരെ മലയാളകവിതയിൽ കാണപ്പെടാത്ത ലളിതമോഹനമായ നാടൻശൈലിയിലാണ് ആററിൻവക്കത്തെ മാളികവീട്ടിൽ മകൻ പിറന്നതും വളർന്നതുമായ കഥകൾ കവി പകർത്തുന്നത്. 'കാവിലെപാട്ടി'ലെ ഉത്സവപ്രതീതി ആദ്യമേ ചൂണ്ടിക്കാണിച്ചതാണല്ലോ.

ഇങ്ങനെയൊക്കെയാണെങ്കിലും ചിലപ്പോഴെല്ലാം തന്റെ പദപ്രയോഗത്തിൽ കരുതിക്കൂട്ടിയെന്നോണം ഒരു കർക്കശകത്വം വരുത്തുന്നതിൽ ഇടശ്ശേരി ആഹ്ലാദിക്കുന്നു – സംഗീതഭംഗിക്കുവേണ്ടി ചാടിനടക്കാവുന്നവയല്ല ഇടശ്ശേരിക്കവിതകളിൽ ഭൂരിഭാഗവും എന്ന് സമ്മതിച്ചേതീരൂ. അളകാവലിക്കാലംതൊട്ടാരംഭിച്ചതാണ് പദമാധുര്യവും പദകാർക്കശ്യവും ഇടകലർത്തിക്കൊണ്ടുള്ള ഈ കളി. അതിപ്പോഴും തുടർന്നുവരുന്നു.

എന്നാൽ, പദപ്രയോഗരീതിയെപ്പററിയല്ല ഇവിടെ പ്രതിപാദിക്കുന്നത്. അദ്ദേഹത്തിന്റെ കൽപന

കളിൽ ഉടനീളം ഒരു നാടൻ കരുത്തും ചന്തവുമുണ്ട്. അത് ഇടശ്ശേരിയുടെ കഥാകാവ്യങ്ങൾക്കും ഭാവഗാനങ്ങൾക്കും പ്രത്യേകമായ ഒരാകർഷകത്വം നൽകുന്നു.

'ആമീൻ നിൽപു, നിലം തരിശാക്കി–
പ്പൊന്തിയ കള്ളിത്തലപോലെ'
(പുത്തൻകലവും അരിവാളും)
'ആയിരം മുളയുള്ള വിത്തല്ലോ കർമം'
'വിഷമതരങ്ങളാം സാമൂഹ്യതലങ്ങളിൽ
വിഷവല്ലിക്കേപററൂ വേരുന്നിപ്പടരുവാൻ.'
(ഊർച്ചയും വിത്തൂന്നലും)

എന്നിങ്ങനെ ഉദാഹരണങ്ങൾ ധാരാളം ഉദ്ധരിക്കാവുന്നതാണ്.

**പ്രണയത്തോടുള്ള സമീപനം**

ആശാൻ തുടങ്ങിയിട്ടുള്ള നമ്മുടെ ആധുനിക കവികളിൽനിന്ന് ഒരു പ്രകടമായ വ്യത്യാസം ഇടശ്ശേരിക്കവിതയിൽ കാണപ്പെടുന്നുണ്ട്. പ്രണയത്തിന് അദ്ദേഹം അത്രയൊന്നും പ്രാധാന്യം കൽപ്പിച്ചിട്ടില്ല. അനുരാഗാഖ്യാനങ്ങളുടെ ഈ സുന്ദരകാലഘട്ടത്തിൽ ഇങ്ങിനെയും ഒരു കവിയുണ്ടാകാനൊക്കുമോ? പക്ഷേ, കാര്യം വാസ്തവമാണ്. സ്ത്രീപുരുഷന്മാർ തമ്മിൽ ചക്ഷുപ്രീതിയിൽ ആരംഭിക്കുന്നതും ചിലപ്പോൾ കുറച്ചുനാളത്തേക്കോ ചിലപ്പോൾ കുറച്ചുനേരത്തേക്കോ സുഖകരമായ ഒരു പകൽക്കിനാവിൽ മനുഷ്യരെ ആറാടിക്കുന്നതുമായ കൗതുകത്തെ ഇടശ്ശേരിയും കൊണ്ടാടിയിട്ടുള്ളതായി സങ്കൽപ്പത്തിലെ പെൺകിടാവ്, രണ്ടാക്രമണങ്ങൾ, പരിപൂർണതയിലേക്ക്, പെങ്ങൾ, മകന്റെവാശി മുതലായ കവിതകളിൽ കാണാം. പക്ഷേ, അദ്ദേഹത്തിൽ ആത്മാവിൽ തീവ്രാനുഭൂതിയുടെ മായാത്ത പാടേൽപ്പിച്ചിട്ടുള്ളത്, വൈലോപ്പിള്ളിയുടെ കാര്യത്തിലെന്നപോലെ ഒരു കന്നിപ്രണയമല്ല. ചേച്ചിയുടേയും അമ്മയുടേയും ലാളനം, ഭാര്യയുടെ കലഹമധുരമായ സേവനം ഇവയുടെ മുഗ്ധ ചിത്രങ്ങളാണ് ഇടശ്ശേരിക്കവിതയിൽ എവിടേയും ചിന്നിച്ചിതറി കാണപ്പെടുന്നത്. സ്ത്രീയെ അദ്ദേഹം പെങ്ങളായും കുടുംബിനിയായും ദർശിക്കുന്നു. എന്നാൽ, എവിടെയെല്ലാം 'കാമുകീകാമുക'ബന്ധത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടോ അവിടെയെല്ലാം ഈ 'പഴഞ്ചൻ'കവിയുടെ പരിഹാസ പ്രവണതയാണു മുന്നിട്ടുനിൽക്കുന്നത്. ആ 'രക്ഷപ്പെടുത്തൽ' ഒന്നു വായിച്ചുനോക്കൂ. പ്രണയചാപല്യത്തിന്റെ ഒന്നാന്തരമൊരു ഉദാഹരണമാണ് അതിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. കുടുംബത്തിന്റെ സംഗീതം ആവിഷ്കരിക്കുന്നു. ഇണയുടെ സ്നേഹം ആകർഷകമല്ലെന്നല്ല, സ്നേഹത്തിന്റെ മററു ചില ഭാവങ്ങൾ 'വിവാഹസമ്മാനം', 'പരിപൂർണതയിലേക്ക്' എന്നീ കവിതകൾ പ്രണയകഥകളാണെന്നു തോന്നിയേക്കാമെങ്കിലും അവയിൽപ്പോലും അന്യഭാവങ്ങൾക്കാണ് ആധിപത്യമെന്നു പ്രതിപാദനരീതിയിൽ വ്യക്തമാവുന്നു.

'അല്ലിമലരിനെ മെല്ലെ മെല്ലെ
ഉല്ലസിപ്പിക്കുമുഷസ്സുപോലെ'

അനിയന്മാരെ സ്കൂളിലേക്കയക്കാൻ അണിഞ്ഞൊരുങ്ങുന്ന ചേച്ചിമാർ,

'താഴെ വെച്ചാലുറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ'

എന്ന ഭയത്തോടെ തങ്കക്കുടങ്ങളെ താലോലംപാടി കിടത്തിയുറക്കുന്ന അമ്മമാർ.

പുത്തൻകലത്തിന്റെ കഥയിലും, പണിമുടക്കത്തിന്റെ കഥയിലുമുള്ളതുപോലെ സർവം സഹിച്ചു കുടുംബം നിലനിർത്തുന്ന ഭാര്യമാർ, ഇവരാണ് ഇടശ്ശേരിക്കവിതകളിൽ അധികമായും കാണപ്പെടുന്നത്. കാമിനിമാർ അവിടെ കയറിവരുമ്പോൾ സഹാനുഭൂതിയോടെ പരിഹസിക്കപ്പെടുന്നു.

**പരിഹാസപ്രവണത**

ഇടശ്ശേരിയുടെ പരിഹാസപ്രവണത കേവലം അനുരാഗസങ്കൽപ്പങ്ങളുടെ നേരേ മാത്രമല്ല തലപൊക്കുന്നത്.

'കാലനെ നിർത്തിപ്പറയിപ്പോരിവർ
കല്യാണത്തിൻ കാര്യം'

എന്നദ്ദേഹം തന്റെ കുടുംബിനിയെത്തന്നെ കളിയാക്കുന്നു. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ മാർഗത്തെയും ലക്ഷ്യത്തെയുംപററി അവസരത്തിലും അനവസരത്തിലും തർക്കിക്കുന്നവർക്കു നല്ലൊരു ചൊട്ടുകൊടുത്തിരിക്കുകയാണ്.

'നരികണ്ടോനേരിയാൽ നായാട്ടുനായ്ക്കളെ
ശ്ശരി, ഞാനോ വാറണ്ടുശിപ്പായ്മാരെ!'

എന്ന വരികളിൽ തന്റെ ദാരിദ്ര്യത്തെപ്പോലും തമാശയാക്കുന്ന ഒരു നാടൻ നർമബോധം കാണാം.

ഇതാണ് ജീവിതത്തിന്റെ കാട്ടുപാതയിലൂടെ നടക്കുവാൻ ഏററവുമധികം സഹായിക്കുന്ന കൈമുതൽ.

'കൊച്ചുവായ്ക്കുള്ളിലൊതുങ്ങാത്തകാരണം
മച്ചും മതിൽകളും ബാക്കിനിന്നു'

എന്ന പഴയ തറവാട്ടിലെ പട്ടിണിക്കാരനായ കൊച്ചനെപ്പററി പറയുന്നേടുത്തും ഇതേ മനോഭാവം തന്നെയാണ് പ്രത്യക്ഷപ്പെടുന്നത്.

ഗൗരവമേറിയ സന്ദർഭങ്ങളിൽപ്പോലും ഇത്തിരി ലഘുത്വം ചേർക്കാൻ ഈ നർമബോധത്തിനു കഴിയുന്നു.

'സുംഭനിസുംഭാദികളെക്കൊന്നൊടുക്കിയോളേ,
സുരഭിലപ്പുവല്ലിപോലെ എങ്ങിനെ നീ മാറി?'
(കാവിലെ പാട്ട്)

എന്ന് സാക്ഷാൽ ജഗദംബികയോടു ചോദിക്കാൻ ഈ കവിക്കു മടിയില്ല. ബിംബിസാരന്റെ രാജധാനിയിലേക്കു പോകുംവഴി, ബുദ്ധൻ മുടന്തനാടിനോടു കാണിച്ച കാരുണ്യത്തെപ്പററി ആട്ടിടയൻ ചിന്തിക്കുന്നതു നോക്കൂ.

'താൻ ചുമക്കും കുഞ്ഞാടിൻ മൃദു-
മജ്ജാ മാംസം വരളുമ്പോൾ
ഹോമവഹ്നി വമിക്കും രുചികര
സൗരഭമാമോ തദ്വിഷയം!'

എന്നാണ് ധ്യാനമഗ്നമായ മാമുനിയുടെ മനോരഥത്തെപ്പററി അവൻ ഊഹിക്കുന്നത്. എന്നിട്ടവൻ ഉദാരമായി പ്രഖ്യാപിക്കുന്നു:

'നമ്മെച്ചൊല്ലി മഹർഷേ, താങ്കൾക്കാശങ്കയ്ക്കില്ലവകാശം:
ഇപ്പററങ്ങടെയൊററക്കൊറുവും നമുക്കു കിട്ടാൻ വിധിയില്ല.'

ഇങ്ങിനെ അവനവന്റെ നിലവാരത്തിൽ വെച്ചു മാത്രമല്ലേ ഈ ലോകം ആരേയും വിലയിരുത്തുന്നത്?

വലിയ ആദർശങ്ങളെപ്പററി ബഹുമാനമുള്ള ആളാണ് ഇടശ്ശേരി. മഹാത്മാഗാന്ധിയേയും ആർഷഭാരതത്തിന്റെ പ്രമാണങ്ങളേയും അദ്ദേഹം ആരാധിക്കുന്നു. എന്നാൽ,

'ഇടയുള്ളോർ വാദിപ്പിൻ: മാർഗവും ലക്ഷ്യവും
ഇടറിയോ? ഞാനൊന്നു തല ചായ്ക്കട്ടെ.'
(ബുദ്ധനും ഞാനും നരിയും)

എന്നു പറയുന്നേടത്ത് അഹിംസാവാദത്തേയും 'ചീനരെക്കിഴിച്ച് ലോകാ, സമസ്ത: സുഖിനോ ഭവന്തു' എന്നു മാത്രം ജപിക്കുമ്പോൾ സർവോദയസങ്കൽപ്പത്തെയും അദ്ദേഹം കളിയാക്കാതിരിക്കുന്നില്ല.

ഈ പരിഹാസപ്രവണത മണ്ണിനോടുള്ള കൂറും മനഃശക്തിയോടുള്ള ബഹുമാനവുമെന്നപോലെ ഇടശ്ശേരിയുടെ വ്യക്തിത്വത്തിൽ ഒരവിഭാജ്യഘടകമാണ്. പക്ഷേ, നിശ്ശബ്ദമാണ് പലപ്പോഴും ഇടശ്ശേരിയുടെ ചിരി. പൊട്ടിച്ചിരി അദ്ദേഹത്തിന്നു പരിചിതമെങ്കിലും പതുങ്ങിച്ചിരിയാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെടുന്നത്. സഹതാപാർദ്രമായ പരിഹാസം. ഇത്തരത്തിലുള്ള ചിരിയിൽ ഇടശ്ശേരിയുടെ ചങ്ങാതി നമ്പ്യാരല്ല. ഉണ്ണായിവാരിയരാണ്.

**കേരളീയത**

മലയാളിയെപ്പററി നമ്മുടെ പല കവികളും അഭിമാനം കൊണ്ടിട്ടുമുണ്ട്; വിമർശിച്ചിട്ടുമുണ്ട്. എന്നാൽ ഇടശ്ശേരി മലയാളിയെ ചിത്രീകരിച്ച രീതി ഇവയിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ശക്തിയും ശാലീനതയുമുണ്ടതിന്; വ്യക്തിത്വവും. ഒരു മുല്ലപ്പൂപോലെ "പൂർവാദ്രിച്ചെരുവിൽ വിരിഞ്ഞ് ആയിരത്താണ്ടായ് മൊട്ടിട്ടങ്ങനെ നിൽക്കെത്തന്നെ" സൗരഭ്യം വീശിപ്പോന്ന ഒരു മനോഹരസൂനമായി അദ്ദേഹം ഈ മലയാളമാതൃഭൂമിയെ കൽപ്പിക്കുന്നു. പക്ഷേ, അതേസമയം 'കാട്ടുചോലകളായ കന്യക'മാരോട് തോട്ടം നനയ്ക്കാനും 'അഴകാർന്നൊരുമെയ്യിലരിമ്പാറകൾ പോലെ'യുള്ള നഗരങ്ങളോട് നാട്ടിൻപുറത്തെ സേവിക്കാനുംകൂടി അദ്ദേഹം കൽപ്പിക്കുന്നുണ്ട്, 'മുല്ലപ്പൂവ്' എന്ന കവിതയിൽ. മലയാളിയുടെ ഊക്കും ഉളുക്കുമദ്ദേഹം കാവ്യമയമായ ഭാഷയിൽ മറെറാരു ചെറുകവിതയിലൂടെ പ്രകടമാക്കിയിരിക്കുന്നത് നോക്കുക:

'കൂററൻകൊടുമുടി നട്ടവിത്താണവൻ
ക്രൂരക്കൊടുംതിരയിങ്കൽ'

എന്നുപക്രമം ചെയ്തശേഷം അവന്റെ മർക്കടസ്വഭാവത്തെപ്പററി സൂചിപ്പിച്ചുകൊണ്ട് കവി ആമനുഷ്യൻറെ മർമത്തിന്നുനേരെ വിരൽചൂണ്ടുന്നതിങ്ങനെയാണ്.

'കെട്ടിയിടേണമോ താങ്കൾക്കീയാനയെ?
കററക്കയറുകൾ പോരാ.
മുററുംമൃദുലമാം പൂങ്കരൾകൊണ്ടൊരു
പട്ടുനൂലെങ്കിലോ പററും.
മാറിലമ്മിഞ്ഞയും കയ്യിൽക്കൊടുംകൊല-
വാളുമെഴുമൊരു മൂർത്തി
കാവിലുണ്ടെങ്കിലുമില്ലെങ്കിലും ശരി
മേവിടുന്നുണ്ടയാൾക്കുള്ളിൽ!'
(മലയാളി)

കേരളത്തിന്റെ പുരാതനൈതിഹ്യവും ചരിത്രവും ആററിക്കുറുക്കി അളന്നുവെച്ചതാണ് 'വികസിക്കുക' എന്ന കവിത. സ്വർഗം ഭൂമിയിലേക്കിറങ്ങിപ്പോന്നതാണ് കേരളഭൂമിയെന്നും അവൾക്കകമ്പടിസേവിക്കുന്നവരാണ് സ്വച്ഛത, നിർഭീകത മുതലായ ഗുണങ്ങളെന്നും പറഞ്ഞാണ് കവിതയാരംഭിക്കുന്നത്. പക്ഷേ, മാമാങ്കത്തിന്റെ മതിലകവഴക്കിന്റെ, അങ്ങിനെ പല മത്സരങ്ങളുടെ കണക്ക് പടയോട്ടങ്ങളിലൂടെ നാം പറഞ്ഞിട്ടുണ്ടെന്നും 'പണ്ടത്തെപ്പുകൾ പാടലി'ലാണ് നമ്മുടെ പോരിമയെന്നും വിസ്മരിക്കുന്നില്ല. മാത്രമല്ല, ഒടുവിൽ ഭാവിയെക്കുറിച്ചു ഒന്ന് മാത്രമേ അദ്ദേഹം പ്രാർഥിക്കുന്നുള്ളു:

'കേരളമേ വികസിക്കുക നീ പുതു-
തായൊരു ജീവിതമാധുര്യത്തെ-
പ്പാരിനു നൽകാൻ നിന്റെ കുരുക്കും
കോരകമുള്ളിൽ വഹിക്കുന്നെങ്കിൽ!'

അല്ലെങ്കിലെന്തിനധികം? ഇടശ്ശേരിയുടെ കവിതകളെല്ലാം കേരളീയതയെ പ്രഖ്യാപനം ചെയ്യുന്നവയാണല്ലൊ. കേരളപ്പഴമയോട് ഏററവുമധികം ചേർന്നു നിൽക്കുന്ന നമുക്കിന്നുള്ളത് കുഞ്ഞിരാമൻനായരും ഗോവിന്ദൻനായരുമാണ്, പക്ഷേ, രണ്ടും രണ്ടുവഴിയാണ് – ഒരാൾ പ്രകൃതിയെകണ്ടാരാധിച്ചു, മറേറയാൾ മനുഷ്യനെ കണ്ടുപിടിച്ചു.

തന്റെ കേരളത്തെ, അതെത്രമേൽ വിലപ്പെട്ടതായാലും 'ഭാരതഭൂവിനൊരനുബന്ധ'മായിമാത്രമേ ഇടശ്ശേരി കാണുന്നുള്ളു എന്ന് 'വികസിക്കുക' എന്ന കവിതയിലൂടെത്തന്നെ വ്യക്തമാക്കപ്പെടുന്നു. ചരിത്രപഠനത്തിന്റെ പാതയിലൂടെയല്ലദ്ദേഹം ദേശീയതയുടെ ശ്രീകോവിൽച്ചെന്ന് ഭാരതദർശനം കൈവരിച്ചത്. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള സ്വാതന്ത്ര്യസമരം അദ്ദേഹത്തെയും ആവേശംകൊള്ളിച്ചു. അതിന്റെ പ്രതിഫലനങ്ങൾ പൂപ്പരുത്തി, ചിത്രത്തൂണുകൾ, എങ്ങനെ നേടി, മുഹമ്മദ് അബ്ദുൾ റഹിമാൻ, നമ്മുടെ അമ്മ, ഋഷിയുടെ ധേനു, ചിതാഭസ്മം, സർവോദയമേളയിൽ എന്നീ കവിതകളിൽ അവിടവിടെ കാണാവുന്നതാണ്. പക്ഷേ, ഭാരതീയമോ അന്താരാഷ്ട്രീയമോ ആയ മഹാസമരങ്ങളല്ല തൊട്ടടുത്തുള്ള ചെറു മനുഷ്യരുടെ ചില്ലറ സങ്കടങ്ങളാണ് അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നതെന്ന് ഇടശ്ശേരിസാഹിത്യം പരിശോധിക്കുന്ന സഹൃദയൻ സമ്മതിച്ചേ തീരൂ. നന്നായാലും അല്ലെങ്കിലും അതാണുണ്ടായത്. പക്ഷേ, ഇടശ്ശേരി തന്റെ അയൽക്കാരുടെ അരുമക്കവിയായതിൽ അദ്ദേഹത്തിനെന്റെ അനുമോദനങ്ങൾ!

**ഇഹലോകപരത**

ഇത്രയുമല്ല, വീക്ഷണത്തിന്റെ 'ഇടുക്കം' അദ്ദേഹത്തെ വലിയ തത്വചിന്തയിൽനിന്നും അകററി നിർത്തിയിരിക്കുന്നു. മഹാഗ്രന്ഥങ്ങളിൽനിന്ന് ആർഷപാരമ്പര്യം അദ്ദേഹം പാനം ചെയ്തിരിക്കാം; ഇല്ലായിരിക്കാം. പക്ഷേ, ചെററക്കുടിലുകളിലെ ചെറിയ മനുഷ്യരാണ് ഈ കവിയുടെ വേദാന്തം രൂപപ്പെടുത്തിയിട്ടുള്ളത്. ഇങ്ങിനെ മണ്ണോടിഴുകിപ്പിടിച്ച, മനഃസ്ഥിതി കാരണമാകാം, ആർഷാഭിമാനിയും ആസ്തികനുമാണെങ്കിലും അദ്ദേഹം അദ്ഭുതകരമായവിധം ലൗകികനായി കാണപ്പെടുന്നു. പരലോകചിന്തകൾ, 'ആത്മീയ' മൂല്യങ്ങൾ ആ കാവ്യപ്രപഞ്ചത്തിൽ കണ്ടുമുട്ടണമെങ്കിൽ വല്ല ഭൂതക്കണ്ണാടിയുടേയും സഹായം ആവശ്യമായിവരും. മോക്ഷപുനർജന്മാദികളിലേക്ക്, ഈശ്വരപ്രാർഥനയിലേക്ക് പോലും, ഈ മനുഷ്യൻ കടന്നുചെല്ലാത്തതെന്തെന്ന് ഞാനദ്ഭുതപ്പെട്ടിട്ടുണ്ട്. സഹജീവിലോകം തന്നിൽച്ചെലുത്തിയ സമ്മർദത്തിനിടയിൽ അതിന് സൗകര്യം കിട്ടുന്നില്ലെന്നുള്ള സമാധാനമേ ഞാൻ കാണുന്നുള്ളൂ. അഥവാ ജീവിതസപര്യതന്നെയാണ് ഇടശ്ശേരിയുടെ തപശ്ചര്യ.

ഒരർഥത്തിൽ എല്ലാ കവികളും ഇഹലോകപരരാണെന്നും അവർ അംഗീകരിക്കുന്ന തത്വശാസ്ത്രം ഏതായാലും കവിതയിൽ അവരുടെ പ്രായോഗികദർശനം ലൗകികമാണെന്നുമുള്ള സത്യം ഇവിടെ സമ്മതിക്കുന്നു – വ്യാസ-വാല്മീകിമാർ തൊട്ടു കാളിദാസനടക്കം ടാഗോർവരെയുള്ള ഭാരതീയപാരമ്പര്യവും ഹോമർതൊട്ടു സ്പെൻഡർവരെയുള്ള പാശ്ചാത്യപാരമ്പര്യവും ഇതിന്നുപോത്ബലകമായി ചൂണ്ടിക്കാണിക്കാം. സംവേദനക്ഷമമായ ഒരു ഹൃദയവുംകൊണ്ടു നടന്നില്ലെങ്കിൽ, കല്ലി

നോടും പുല്ലിനോടും പാപിയോടും സല്ലപിച്ചില്ലെങ്കിൽ, അവർ കവികളാവില്ലല്ലോ. ഇഹലോകപരതയുടെ തോതിൽ വളരെയധികം വ്യത്യാസമുണ്ട്. കേരളത്തിൽത്തന്നെ സമകാലികരായ വള്ളത്തോളും ആശാനും രണ്ടററങ്ങളിൽ നിൽക്കുന്നു. ആശാൻ സുഖഭോഗാദികളെ വെല്ലുവിളിക്കുന്ന വൈരാഗ്യംകൊണ്ട്, ആത്മീയചിന്തകളുടെ അതിപ്രസരംകൊണ്ട്, ഒട്ടൊക്കെ വികൃതമായ ഒരു വീക്ഷണഗതിയാണ് ലോകത്തിനുനേരേ കൈക്കൊണ്ടത്. സന്ന്യാസിഗുരുവിന്റെ സാന്നിധ്യം ഇതിന് കാരണമായിരിക്കാം. ഇക്കാര്യത്തിൽ ഇടശ്ശേരി ജീവിതകമ്പക്കാരനായ വള്ളത്തോളിന്റെ കൂടെ നിൽക്കുന്നു. (എന്നാൽ ഭാഷയുടെ കാര്യത്തിൽ വെണ്മണി-വള്ളത്തോൾ-ചങ്ങമ്പുഴപ്പാരമ്പര്യത്തെക്കാൾ ഉണ്ണായി-ആശാൻ പാരമ്പര്യമാണ് അദ്ദേഹം കൈക്കൊണ്ടിരിക്കുന്നത്). മോക്ഷചിന്തയോ മിസ്റ്റിസിസമോ ഇടശ്ശേരിയെ തീണ്ടിയിട്ടുള്ളതായി കാണുന്നില്ല. ജീവിതത്തിന്റെ നശ്വരതയെപ്പററി വിഷാദമയമായ ബോധം അദ്ദേഹത്തിന്റെ ദൃഷ്ടിയെ ആകാശത്തേക്കുയർത്തുന്നില്ല - എന്നാൽ, ജീവിതത്തിന്റെ വെയിൽ തട്ടുന്ന ഭാഗത്തുള്ള വർണപ്പൊലിമയെ ആസ്വദിക്കുവാൻ വെമ്പിക്കൊണ്ടിരുന്ന വള്ളത്തോളിനെയും കൂരിരുട്ടുമായി ഒന്നിച്ചു കൂടിക്കഴിയുന്ന ഇടശ്ശേരിയേയും തമ്മിൽ എങ്ങിനെയാണ് ബന്ധപ്പെടുത്തുക? വീണ്ടും നാം ആശാനിലേക്കല്ല മടങ്ങിച്ചെല്ലുന്നത്? ദുഃഖാനുഭവങ്ങൾ അവരുടെ രണ്ടുപേരുടെയും കവിതയിൽ അധികമായുണ്ട്. പക്ഷേ, ദുഃഖം ആശാനെ സാധാരണ ജീവിതത്തിൽനിന്നകററി വേദാന്തത്തിലേക്ക് നയിച്ചപ്പോൾ അത് ഇടശ്ശേരിയെ കർമരംഗത്തിന്റെ നടുവിലേക്ക് ആകർഷിച്ചതായാണ് അനുഭവപ്പെടുന്നത്. അദ്ദേഹം ആരുടെയും വഴികാട്ടിയായില്ല. മററുള്ളവരുടെ നട്ടംതിരിച്ചലിൽ ഇടശ്ശേരി പങ്കുകൊള്ളുന്നു. അദ്ദേഹവും കൂട്ടത്തിൽ നട്ടംതിരിയുന്നു. ജീവിതമരണങ്ങളെപ്പററി ഇടശ്ശേരിയുടെ വേദാന്തം മുഴുൻ തുഞ്ചൻപറമ്പിൽവെച്ച് അദ്ദേഹം നടത്തിയ ഹനുമൽസേവയിൽ-ഹനുമാനാണ് ഇടശ്ശേരിയുടെ ആചാര്യൻ- സംഗ്രഹിച്ചതങ്ങിനെയാണ്.

‘കണ്ണടച്ചിരുന്നെന്നും ജപിച്ചുകൊള്ളട്ടേ ഹാ
വിണ്ണു വേണ്ടവരെല്ലാം വിണ്ണിലേക്കെത്തുംവരെ
എൻദുര ചിരംജീവിയാകുവാനല്ലോ, കനി-
ഞ്ഞെങ്കൽച്ചേർത്താലും ഗുരോ, സേവനമന്ത്രാക്ഷരം.’